# കോക്കകോളയിലെ കീടനാശിനി : കേരള ആരോഗ്യവകുപ്പ് കേസ് കൊടുത്തു

കേരളീയം ന്യൂസ് സർവ്വീസ്

**കോക്കകോളയിൽ കീടനാശിനി കണ്ടെത്തിയതിനെ തുടർന്ന് തിരുവനന്തപുരത്തെ രണ്ടാം കോടതിയിലെ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിനു മുമ്പിൽ തിരുവനന്തപുരം മൊബൈൽ വിജിലൻസ് സ്ക്വാഡിലെ ഭക്ഷ്യപരിശോധക സി.എസ്.രാജേശ്വരിഅമ്മ 12.10.06 ന് 1954 പി.എഫ്.എ. ആക്ടിലെ സെക്ഷൻ 20 പ്രകാരം നൽകിയ പരാതിയിൽ നിന്നുള്ള ഭാഗങ്ങൾ.**

തിരുവനന്തപുരത്തെ പേരൂർക്കടയിൽ മൊബൈൽ വിജിലൻസ് സ്ക്വാഡിലെ ഭക്ഷ്യ പരിശോധക (ഫുഡ് ഇൻസ്പെക്ടർ) സി.എസ്. രാജേശ്വരിയായ ഞാൻ 2006 ആഗസ്റ്റ് 9 ന് ഏകദേശം ഉച്ചയ്ക്ക് 1.30 ന് കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിൽപ്പെട്ട പേരൂർക്കടയിലെ എ.കെ.ജി. സെന്ററിൽ സ്ഥിതി ചെയ്യുന്ന വർഷം എന്റർപ്രൈസസിലെ (കെട്ടിടനമ്പർ KP-IX/225) കോക്കകോള ഗോഡൗണിൽ പരിശോധന നടത്തുകയും ഔപചാരിക നടപടി ക്രമങ്ങൾക്കുശേഷം ആരോപിതനോട് ഫോറം VI നോട്ടീസ് കൈപ്പറ്റിയ അറിയിപ്പ് ലഭിച്ചശേഷം മധുരം കലർന്ന ലഘുപാനീയമായ കോക്കകോള 6 കുപ്പികൾ (1.5 ലി. വീതമുള്ളത്) വാങ്ങിക്കുകയുണ്ടായി. കുപ്പികൾ എല്ലാം ഒരുപോലെ ലേബൽ ചെയ്തു.

222.05 രൂപകൊടുത്ത് ടാക്സ് ഇൻവോയ്സ് അടക്കമുള്ള പണരശീതി കൈപ്പറ്റി വാങ്ങിയ മേൽപ്പറഞ്ഞ സാമ്പിൾ തുല്യമായ 3 ഭാഗങ്ങളായി ഭാഗിച്ച് (1.5 ലിറ്ററിന്റെ 2 കുപ്പികൾ വീതമുള്ളത്) പാക്ക് ചെയ്ത് TVM L(H) A-36-55784 എന്ന് നമ്പർ ചെയ്ത് പി.എഫ്.എ ആക്ടിലെ ചട്ടങ്ങളുടെ മുറപ്രകാരം സീൽചെയ്ത് സ്ഥലത്തു വെച്ചുതന്നെ മഹസർ തയ്യാറാക്കി ഞാനും ആരോപിതനും സാക്ഷികളും അപ്പോൾ അവിടെ വെച്ചുതന്നെ ഒപ്പിടുകയും ചെയ്തു. ഈ സാമ്പിളുകൾ ചട്ടപ്രകാരം പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു.




ഫോട്ടോ : മധുരാജ് 'മാതൃഭൂമി'

സാമ്പിൾ പരിശോധിച്ച് പരിശോധക 16.8.2006 തിയ്യതിവെച്ച് 13-ാം നമ്പർ റിപ്പോർട്ടായി തിരുവനന്തപുരത്തെ പ്രാദേശിക (ആരോഗ്യ) അതോറിറ്റി മുഖേന ഫോറം 3 ൽ കൈമാറുകയുണ്ടായി. ഇതിൽ പരിശോധക പറഞ്ഞിരിക്കുന്നത് "മേൽ പ്പറഞ്ഞ സാമ്പിൾ 'ക്ലോറോ പൈറിഫോസ്' എന്ന കീടനാശിനി അടങ്ങിയിരിക്കുന്നുവെന്നും അതുകൊണ്ട് 1954 ലെ പി.എഫ്.എ. ആക്ട് സെക്ഷൻ 2(i-a) h പ്രകാരം മായം കലർന്നതാണെന്ന്" ആണ്.

എന്റെ അറിവിൽപ്പെട്ടിടത്തോളമുള്ള വിവിധ രേഖകൾ പരിശോധിച്ചശേഷം വർഷ എന്റർപ്രൈസസിന്റെ ലൈസൻസി ഒന്നാം ആരോപിതനായും ബാംഗ്ലൂരിലുള്ള കോക്കകോള കമ്പനി ക്വാളിറ്റി അഷ്വറൻസ് മാനേജർ ശ്രീ. ദുരൈമുരുകൻ രണ്ടാം ആരോപിതനായും ഉൽപ്പാദക കമ്പനിയുടെ നോമിനി 3-ാം ആരോപിതനായും ബഹുമാനപ്പെട്ട കോടതിയുടെ വിചാരണക്കായി പരാതി സമർപ്പിക്കുന്നു.

**ഇത്തരം മറ്റൊരു പരാതി ഇതേ സ്ഥാപനത്തിലെ ഫുഡ് ഇൻസ്പെക്ടർ എസ്.അജയ്കുമാർ 2006 ആഗസ്റ്റ് 5 ന് ശേഖരിച്ച 'ലെഹർ പെപ്സി' സാമ്പിളിൽ 'കാർബോറിൻ' എന്ന കീടനാനിശിനി കണ്ടെത്തിയതിനെ തുടർന്ന് ഇതേദിവസം തന്നെ ഇതേ കോടതിയിൽ പരാതി നൽകിയിട്ടുണ്ട്.**